# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5792** — **09.07.2012 ൽ മറുപടിക്ക്**

**<u>സാക്ഷരതാ മിഷനിൽ അംഗീകരിച്ച തസ്തികകൾ</u>**

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി.** | **ശ്രീ.പി.കെ.അബ്ദു റബ്ബ്**<br>**( വിദ്യാഭ്യാസ വകുപ്പു മന്ത്രി)** |
| (എ) സാക്ഷരതാ മിഷനിൽ ഗവൺമെന്റ് അംഗീകരിച്ച് അനുവദിച്ചിരിക്കുന്ന തസ്തികകൾ ഏതൊക്കെയാണ്; ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് യോഗ്യരായവരെ സർവ്വീസിൽ നിന്നും ലഭിക്കാത്തതുകൊണ്ട് റിട്ടയർ ചെയ്തയാളിനെ തന്നെ വീണ്ടും നിയമിച്ചിട്ടുണ്ടോ; യോഗ്യരായവരെ കണ്ടെത്തുന്നതിന് എന്ത് നടപടി സ്വീകരിക്കുകയുണ്ടായി; | (എ) സാക്ഷരതാമിഷനിൽ ഗവൺമെന്റ് അംഗീകരിച്ച് അനുവദിച്ചിരിക്കുന്ന തസ്തികൾ നിലവിലില്ല. ജോയിന്റ് ഡയറക്ടർ തസ്തികയിലേക്ക് യോഗ്യരായവരെ സർവ്വീസിൽ നിന്നും തന്നെ നിയമിക്കണമെന്ന വ്യവസ്ഥയും നിലവിലില്ല. മുമ്പ് സർവ്വീസിലുള്ള ഒരു പ്രൊഫസറെ ടി തസ്തികയിൽ നിയമിച്ചിട്ടുണ്ടായിരുന്നു. റിട്ടയർ ചെയ്ത ശേഷം മുൻപരിചയം മുൻനിർത്തി ടിയാനെ തന്നെ ഇപ്പോൾ നിയമിച്ചിട്ടുണ്ട്. ജോയിന്റ് ഡയറക്ടർ തസ്തികയ്ക്ക് പ്രത്യേക യോഗ്യതയോ നിയമന വ്യവസ്ഥയോ നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ പ്രത്യേക നടപടി സ്വീകരിച്ചിട്ടില്ല. |
| (ബി) ഇപ്പോൾ ജോയിന്റ് ഡയറക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന വ്യക്തിയുടെ സേവന വേതന വ്യവസ്ഥ എന്താണ്; ഇത് ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടുള്ളതാണോ; ഇല്ലെങ്കിൽ കാരണമെന്ത്; | (ബി) ഇപ്പോൾ ജോയിന്റ് ഡയറക്ടർ തസ്തികയിൽ സേവന വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടില്ല. ടി തസ്തികയിലുള്ള വ്യക്തി സർക്കാർ കോളേജിലെ പ്രൊഫസർ ആയിരുന്നു.<br>കെ.എസ്.ആർ പാർട്ട് III റൂൾസ് 100 (സി) അനുസരിച്ചുള്ള സേവന വേതന വ്യവസ്ഥ പ്രകാരം ടിയാനെ ടി തസ്തികയിൽ നിയമിച്ചിട്ടുള്ളത് സർക്കാർ ഉത്തരവ് പ്രകാരമാണ്. |